കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് - ശ്രീമതി ശാന്ത, ഷാരത്തു പള്ളിയാൽ എന്ന വ്യക്തിക്ക് വീട്ടു വയ്ക്കുന്നതിന് ഭൂമി വാങ്ങാൻ ഈ വർഷം പുതിയ പ്രോജക്ട് തയ്യാറാക്കി ആനുകൂല്യം നൽകാൻ അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ) നം.829/2018/തസ്വഭവ    തിരുവനന്തപുരം, തീയതി, 27.03.2018

വായന :- 1. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 11.01.2018-ലെ B1-102/17-ാം നമ്പർ കത്ത്
2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 05.03.2018-ലെ തീരുമാനം നം. 4.63

<u>ഉത്തരവ്</u>

2016-17 വർഷം ശ്രീമതി ശാന്ത, ഷാരത്തു പള്ളിയാൽ എന്ന വ്യക്തിക്ക് വീട്ടു വയ്ക്കുന്നതിന് ഭൂമി വാങ്ങാനായുള്ള ലിസ്റ്റിൽ ഉൾപ്പെടുകയും പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുകയും ചെയ്തുവെന്നും 2017-18 വർഷം ഈ പ്രോജക്ട് സ്പിൽ ഓവറായി ഉൾപ്പെടുത്താൻ വിട്ടുപോയെന്നും ആയതിനാൽ ഈ വർഷം പുതിയ പ്രോജക്ട് തയ്യാറാക്കി ആനുകൂല്യം നൽകാൻ അനുമതി നൽകണമെന്നും മുകളിൽ ഒന്നാമതായി വായിച്ച കത്ത് പ്രകാരം കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) 05.03.18 ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം ഇക്കാര്യം പരിശോധിച്ചു. ടി യോഗത്തിന്റെ 4.63 നമ്പർ തീരുമാനപ്രകാരം ഈ വർഷം പുതിയ പ്രോജക്ട് തയ്യാറാക്കി ആനുകൂല്യം നൽകാൻ കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്തിന് അനുമതി നൽകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
പ്രസിഡണ്ട്, കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത്, പാലക്കാട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ
പകർപ്പ്:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (അർബൻ/റൂറൽ) യുടെ പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ